പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 7198

16.7.2012-ൽ
മറുപടിക്ക്

# നെൽപ്പാടങ്ങൾ നികത്തുന്നത് തടയാൻ സംവിധാനം

ചോദ്യം
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ.ഷാഫി പറമ്പിൽ :
ശ്രീ.പാലോട് രവി :
ശ്രീ.അൻവർ സാദത്ത് :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ നെൽപ്പാടങ്ങൾ നികത്തുന്നത് തടയാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ ;<br><br>(ബി) ഇതിനായി ഭരണപരമായി എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ; | **(എ) & (ബി)**<br>കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനായി ഓരോ പഞ്ചായത്തിലും പ്രാദേശികതല നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നതിനായി വില്ലേജ് ഓഫീസറുടെ പദവിൽ താഴെയല്ലാത്ത റവന്യൂ ഉദ്യോഗസ്ഥരെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻമാരായി നിയമിച്ചിട്ടുണ്ട്.<br>ടി നിയമ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കുകൾ പൂർണ്ണമായും കുറ്റമറ്റതാക്കുന്ന-തിനായി ഓരോ താലൂക്കുകളിലേയും ഡെപ്യൂട്ടി തഹസീൽദാർമാർ /ജൂനിയർ സൂപ്രണ്ടുമാരുടെ നേതൃത്വത്തിൽ ടീമുകളെ നിശ്ചയിച്ച് വില്ലേജുകൾ വീതംവെച്ച് നൽകുവാനും അവർ ഓരോ വില്ലേജിലെയും ഡാറ്റാ ബാങ്കുകളിലുൾപ്പെട്ട മുഴുവൻ ഭൂമികളും പരിശോധിച്ച് കുറ്റമറ്റതാണെന്ന് ഉറപ്പുവരുത്തി റിപ്പോർട്ട് നൽകുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |

| | |
|---|---|
| | നിയമത്തിലെ 13-ാം വകുപ്പ് പ്രകാരം ജില്ലാ കളക്ടർമാർ അനധികൃതമായി നികത്തപ്പെട്ട നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ നിലം നികത്തലിൽ ഏർപ്പെടുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് പിഴ ഈടാക്കി വരുന്നുമുണ്ട്. |
| (സി) നെൽപ്പാടം നികത്തുന്നത് തടയാൻ സ്പെഷ്യൽ സ്ക്വാഡുകളെ - നിയോഗിക്കുന്നകാര്യം പരിഗണിക്കുമോ ? | (സി) നെൽപ്പാടങ്ങൾ നികത്തുന്നത് തടയുന്നതിനായി സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിക്കണമെന്ന് നിയമത്തിൽ വിവക്ഷിക്കു-ന്നില്ല. എന്നിരുന്നാലും അത്തരത്തിലൊരു സംവിധാനം ആവശ്യമുണ്ടെന്ന് കാണുന്ന ജില്ലകളിൽ ജില്ലാ കളക്ടർമാർ തന്നെ ഇതിനായി നടപടികൾ എടുത്തുവരുന്നുണ്ട്. |

Rajeev

**സെക്ഷൻ ഓഫീസർ**